വൃക്കരോഗികളുടെ എണ്ണത്തിൽ വർദ്ധന

95 (802) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വൃക്ക രോഗികളുടെ എണ്ണത്തിൽ വർദ്ധനവുണ്ടാകുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ ;

(ബി) വൃക്ക രോഗചികിത്സയ്ക്ക് താലൂക്ക് ആശുപത്രികൾ കേന്ദ്രീകരിച്ച് ചികിത്സാ സൗകര്യങ്ങൾ ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ;

(സി) ഡയാലിസിസ് കേന്ദ്രങ്ങൾ പ്രവർത്തിക്കുന്ന ആശുപത്രികളിൽ ആവശ്യമായ ആരോഗ്യപ്രവർത്തകരെ അടിയന്തരമായി നിയമിക്കുവാൻ നടപടി സ്വീകരിക്കുമോ ;

(ഡി) വൃക്ക രോഗികൾക്ക് പ്രത്യേക ധനസഹായം അനുവദിക്കുന്നതിനു നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ജീവിതശൈലീ രോഗങ്ങളായ പ്രമേഹവും രക്തസമ്മർദ്ദവും സംസ്ഥാനത്ത് വർദ്ധിക്കുന്നതിന്റെ പശ്ചാത്തലത്തിൽ വൃക്ക രോഗങ്ങളും വർദ്ധിച്ചുവരുന്നതായിട്ടാണ് കണക്കാക്കി വരുന്നത്.

(ബി) ശിപാർശ ലഭിക്കുന്നമുറയ്ക്ക് പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

(സി) ടി ആശുപത്രികളിൽ അധിക തസ്തിക സൃഷ്ടിക്കുന്നതിനുള്ള ശിപാർശ സർക്കാർ പരിശോധിച്ചു വരുന്നു.

(ഡി) നിലവിൽ RSBY-CHIS, CHIS plus പദ്ധതി പ്രകാരം നിർദ്ധനരായ രോഗികൾക്ക് ഡയാലിസിസ് ഉൾപ്പെടെയുള്ള വൃക്ക രോഗ ചികിത്സയ്ക്ക് ആരോഗ്യ ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്നുണ്ട്. 18 വയസ്സുവരെ പ്രായമുള്ളവർക്ക് RBSK/ആരോഗ്യകിരണം പദ്ധതിയുടെ കീഴിൽ സൗജന്യ ചികിത്സ ലഭ്യമാണ്. ലോട്ടറി വകുപ്പിന്റെ പദ്ധതിയായ കാരുണ്യ ബെനവലന്റ് ഫണ്ട് വഴി ഡയാലിസിസ് ഉൾപ്പെടെയുള്ള ചികിത്സയ്ക്ക് സാമ്പത്തിക സഹായം ലഭിക്കുന്നുണ്ട്. ഇതുകൂടാതെ, വൃക്ക രോഗികൾക്ക് സൊസൈറ്റി ഫോർ മെഡിക്കൽ അസിസ്റ്റൻസ് റ്റു ദി പൂവർ പദ്ധതി പ്രകാരം സൊസൈറ്റിയുടെ അംഗീകൃത ആശുപത്രികളിൽ ചികിത്സിക്കുന്ന പാവപ്പെട്ട രോഗികൾക്ക് ശസ്ത്രക്രിയയ്ക്ക് പരമാവധി 20,000 (ഇരുപതിനായിരം) രൂപയും ഡയാലിസിസ് ചെയ്യുന്ന രോഗികൾക്ക് പരമാവധി 10,000 (പതിനായിരം) രൂപയും അനുവദിച്ചുവരുന്നു. ഇതിനുപുറമേ വൃക്ക രോഗികൾക്ക് പ്രത്യേക ധനസഹായം അനുവദിക്കുന്നത് സംബന്ധിച്ച ശുപാർശകൾ ഒന്നും തന്നെ ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly